# മനസ്സ്



## Adminstrative Board Members KOSS Kuwait Chapter

പേട്രൺസ് :

ചന്ദ്രശേഖരകുറുപ്പ്, ചെറുകുളത്തൂർ
ചാക്കോ ജോർജ്ജ്കുട്ടി, കോട്ടൂർ

പ്രസിഡന്റ് :

ജോസഫ് മാത്യു, ഒട്ടലിൽ

വൈസ് പ്രസിഡന്റ് :

അനൂപ് ചന്ദ്രൻ, ചെറുകുളത്തൂർ

ജന: സെക്രട്ടറി :

മാത്യു വർഗീസ്, കലതിവിളമേലേതിൽ

ജോ: സെക്രട്ടറി :

ഷീജ സാമുവൽ, കലതിവിളമേലേതിൽ

ട്രഷറാർ :

ബിനോയി തങ്കച്ചൻ, ബിനോയി ഭവനം

കമ്മററി അംഗങ്ങൾ

കോമളം . ജി. അനിഴം
എബി പാപ്പച്ചൻ, പൈനുംമൂട്ടിൽ
ജിനു ററി. ജോൺ,തച്ചനംകോട്ടുതെക്കേകര
സുനോജ് വർഗീസ്, കൊച്ചുതെക്കേതിൽ
ജോമോൻ ടി. ജോൺ, തച്ചനംകോട്ടുതെക്കേകര

ഓണം പ്രോഗ്രാം

ജനറൽ കണവീനർ :

സോജി വർഗീസ്, പി.കെ.വി.വില്ല

മാനേജിംഗ് എഡിററർ മനസ് :

ദീപ് ജോൺ, കൊല്ലംപറമ്പിൽ

**മ**ലയാള **ന**ന്മയുടെ **സ്**നേഹശബ്ദം

സർവ്വ മതങ്ങളെയും, സമഭാവനയോടെ വീക്ഷിക്കുന്ന നല്ല നാളെയെ ലക്ഷ്യ മാക്കി, പരസ്പര സ്നേഹത്തിന്റെ ചിന്തകളെയും മനസ്സുകളെയും എല്ലാ തുറകളിലേക്കും എത്തിക്കുന്നതിനായി കോസ്സ് കുവൈററിന്റെ മുഖപത്രമായ പ്രവാസിയുടെ 'മനസ്സ്' ഇവിടെ യാത്ര ആരംഭിക്കുന്നു.

നിങ്ങളുടെ വിലയേറിയ നിർദേശങ്ങളും, അഭിപ്രായങ്ങളും പ്രതീക്ഷിച്ചു കൊള്ളുന്നു.

*E-mail : kosskwt@gmail.com*
*www.kossglobal.org*

## എഡിറ്റോറിയൽ

സ്നേഹിതരെ.....



കേരളം ... ഇന്ന് ഓണത്തിന്റെ ഉത്സവലഹരിയിൽ. കള്ളവും, ചതിയും, ഇല്ലാതെ നാടുവാണിരുന്ന മഹബലിചക്രവർത്തിയുടെ കാലത്തെ സ്മരിക്കുന്ന സുവർണ്ണ നിമിഷങ്ങൾ. ജാതി മത വർണ്ണ വകഭേദമില്ലാതെ ഒരു മനസ്സോടെ ഒരേ മനുഷ്യ മനസ്സുമായി ഒത്തു ചേരുന്ന കാലം. തുമ്പയും, തെററിയും കൈകുമ്പിളിലേന്തി അത്തമിടുന്നതും, കസവിന്റെ ശീലകൾ മാറിത്തു ചുററി ചുവടുകൾ വയ്ക്കുന്നതും, എല്ലാം ഒരു ഓർമ്മകളായി മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. എന്നാൽ, ഈ ആഘോഷത്തിൽ സർവ്വാത്മനാ പങ്കുചേരാനും മനസ്സ് തുറന്നു ആഹ്ളാദിക്കാനും എല്ലാവർക്കും കഴിയുന്നുണ്ടോ എന്നതു പ്രസക്തമായ ചോദ്യമാണ്. ഒരു നേരത്തെ വിശപ്പു മാററാൻ ഏറെ ക്ലേശിക്കേണ്ടി വരുന്നവർ ഇന്നും നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ടെന്നത് വർണ്ണ പൊലിമയുടെ ആഘോഷങ്ങളിൽ പലരും മറന്നു പോകുന്നു. കാണം വിററ് ഓണം ഉണ്ണണമെന്ന് പഴമൊഴി ഉണ്ടെങ്കിലും  കാണം വിൽക്കാതെ ഓണമുണ്ണാൻ എല്ലാ മലയാളികൾക്കും കഴിയുന്ന കാലത്തെ ഓണ സങ്കൽപം ലക്ഷ്യ പൂർണ്ണതയിലെത്തു.

കാലം... ഇതിന് സ്ഥിരമായൊരും ഭാവമില്ലായെന്ന് തെളിയിക്കുന്നതാണ് കേരളത്തിന്റെ സമകാലിക സംഭവങ്ങളിലേക്ക് കണ്ണോടിച്ചാൽ മനസ്സിലാക്കുന്നത്. ആഗോളികരണത്തിന്റെ വർത്തമാനകാലത്ത് ആഡംബര ഭ്രമങ്ങളിലും, ശാരീരിക മോഹങ്ങളിലും, ആസക്തിയിലും മയങ്ങി ചിത്തഭ്രമം സംഭവിച്ചവർ ചെയ്തു കൂട്ടുന്ന ദുരിതങ്ങൾ മനുഷ്യ മനസാക്ഷിയെ ഞെട്ടിക്കുന്ന കാലഘട്ടത്തിലാണ് നാം. ആഡംബര ഭ്രമത്തിൽ കടബാധ്യതകൾ മൂത്ത് ആത്മഹത്യ ചെയ്യുന്ന കുടുംബനാഥൻ. പിഞ്ചുകുഞ്ഞുങ്ങളെ കൊലപ്പെടുത്തുന്നതിലെ നീതിബോധമാണ് നാം ഇനിയും പഠിക്കേണ്ടത്. മക്കളെ വിററ് പണം സമ്പാദിക്കുന്ന രക്ഷിതാക്കളും, അറിവിന്റെ ഹസ്തങ്ങളെ അരിഞ്ഞു മാററുകയും ചെയ്യുന്ന പുതിയ മാനുഷ്യക സിദ്ധാന്തങ്ങളും ജീവിക്കുന്ന ഈ സമൂഹത്തിൽ പുതുതലമുറയ്ക്ക് എങ്ങനെ ഭയരഹിതരായി ജീവിക്കാനാകും. മക്കളെയും, ഭർത്താവിനെയും ഉപേക്ഷിച്ച് കാമുകനൊപ്പം ജീവിച്ച് സ്വയം മരണം ഏററുവാങ്ങുന്ന സ്ത്രീകളെക്കുറിച്ചുള്ള വർത്തമാനങ്ങൾ ദിനപത്രങ്ങളിൽ ഏറെ സ്ഥാനം പിടിക്കുന്നുണ്ട്.

എന്തുകൊണ്ടാണ് കാലം ഇങ്ങനെയൊക്കെ ആയിതീരുന്നത്. വൈകൃതമായ പുത്തൻ മാനുഷിക സംസ്കാരത്തിന്റെ അധിനിവേശമോ, അതോ മൂല്യം എരിഞ്ഞടങ്ങിയ ആത്മീയ ദർശനത്തിന്റെ നുഴഞ്ഞു കയററമോ; എന്തു തന്നെയായാലും , കഴിഞ്ഞു പോയ നൂററാണ്ടിന്റെ ചിന്തകളെയും, സ്വപ്നങ്ങളെയും ഇല്ലാതാക്കുന്നതാണ് ഈ ഉത്തരാധുനിക കാലത്തിന്റെ കർമ്മങ്ങൾ. ഇവിടെയാണ് ഓണ സ്മൃതികൾക്ക് പ്രസക്തിയേറുന്നത്. നമ്മുടെ ഓണാഘോഷം അർത്ഥപൂർണ്ണമാകണമെങ്കിൽ അതു പ്രതിനിധാനം ചെയ്യുന്ന നന്മകളുടെ പൂക്കൾ എല്ലാ മനസ്സുകളിലും വിടരണം, അതിന്റെ സൗരഭ്യം ചുററും പരക്കണം. വിഭാഗീയ ചിന്തകൾ മറന്നു മനസ്സുകളിൽ ആഹ്ലാദം നിറയണം.  അതിനായി നമുക്കൊരുമിച്ച് കൈ കോർക്കാം.

ഇത് പ്രവാസികളുടെ മനസ് , മരുഭൂമിയുടെ ചൂടും ചൂരും  ഏററ മനുഷ്യ മനസ്സ്. ഇവർക്ക് തങ്ങളുടെ ജനിച്ച മണ്ണിനോടും  സുഹൃത്തുക്കളോടും, സഹോദരങ്ങളോടും ഏറെ പറയുവാനുണ്ട് കുവൈററ് ചാപ്ററിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ ചെറിയ സമാഹാരം അതിന് ഉതുകുന്നതായി തീരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് പ്രസിദ്ധീകരിക്കുവാൻ ചെറുതും വലുതുമായി സഹായിച്ച എല്ലാ നല്ല മനസ്സുകളെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് ഈ ആദ്യ സമാഹാരം ഏവർക്കുമായി സമർപ്പിക്കുന്നു.

ഓണാശംസകളോടെ.......

ദീപ് ജോൺ, കൊല്ലംപറമ്പിൽ
മാനേജിംഗ് എഡിററർ,
കോസ് കുവൈററ് ചാപ്ററർ

## സന്ദേശം



ഗൃഹാതുരത്വത്തിന്റെ നനുത്ത ഓർമ്മകളുമായി ചിങ്ങമാസ പുലരിയെ വരവേൽക്കുന്ന ഈ നിമിഷങ്ങളിൽ കുവൈററിലെ എല്ലാ കോസ് കുടുംബാംഗങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ ഓണാശംസകൾ. അതോടൊപ്പം കുവൈററ് ചാപ്ററിന്റെ നേതൃത്വത്തിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നതിൽ അഭിമാനം കൊള്ളുന്നു. ഇതിനായി പ്രയത്നിച്ച എല്ലാ സുമനസുകളെയും പ്രത്യേകം അഭിനന്ദിക്കുന്നു, ഒപ്പം പ്രവാസിയുടെ 'മനസ്സിന് ' ഒരായിരം ഭാവുകങ്ങളും നേരുന്നു.

വരും നാളുകൾ നന്മ നിറഞ്ഞ സൗഹൃദത്തിന്റെ നിമിഷങ്ങളായി തീരട്ടെ എന്ന് ആശംസിക്കുന്നു.

ആശംസകളോടെ .. സി. കെ. സി. കുറുപ്പ്, ചെറുകുളത്തൂർ

പ്രസിഡന്റ്, കോസ് ഗ്ലോബൽ, കുവൈററ്.

---

## സന്ദേശം

പൊന്നോണം വരവായി, കേരള പ്രവാസിക്കും ഓണം, കുടശ്ശനാടൻ പ്രവാസിക്കും ഓണം.



പ്രവസികളായ കുടശ്ശനാട്ടുകാരുടെ ഒരുമയുടെയും, കൂട്ടായ്മയുടെയും സാംസ്കാരിക പൈതൃകം ഒരിക്കൽ കൂടി ഊട്ടി ഉറപ്പിക്കാൻ 2010 ഓണം, സെപ്തംബർ മാസം 2-ാം തീയതി വിവിധ പരിപാടികളോടുകൂടി നടത്തപ്പെടുന്നു.

ഏകദേശം 50-ാളം അംഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തിന്റെ പ്രതിഫലനം വരും നാളുകളിൽ ഉണ്ടാകും എന്നതിൽ ഒട്ടും സംശയമില്ല. അതിന്റെ മുന്നോടിയായി പ്രസിദ്ധീകരിക്കുന്ന 'മനസ്സ് ' എന്ന മാസികയുടെ പ്രവർത്തകർക്ക് എല്ലാ ആശംസകളും നേരുന്നു. നമുക്ക് ജനഹൃദയങ്ങളിലേക്ക് ഇറങ്ങി ചെല്ലാം, മാതൃകയാകാം.

ചാക്കോ ജോർജ്ജുകുട്ടി (മോനച്ചൻ), കോട്ടൂർ

രക്ഷാധികാരി, കോസ്സ് കുവൈററ് ചാപ്ററർ

---



ഓണം ലോകത്തെമ്പാടുമുള്ള മലയാളികളെ നാടിനെപ്പറ്റിയുള്ള വൈകാരികതയുടെ പൊൻനൂലിൽ കോർക്കുന്ന സവിശേഷ ആഘോഷമാണ്. സാമ്പത്തികമായ എല്ലാവിധ പരിമിതികളെയും പരാധീനതകളെയും മാറ്റിവച്ച് കേരളീയർ തിരുവോണം ആഘോഷിക്കുന്നു. തിരക്കിന്റെ ലോകത്തു കഴിയുന്നവരുടെ ഓണാഘോഷങ്ങളിൽ പാരമ്പര്യത്തനിമയുടെ പല ഘടകങ്ങളും വിട്ടുപോവുന്നതും പ്രായോഗികതയുടെ അംശങ്ങൾ കടന്നുവരുന്നതും മനസ്സിലാക്കാവുന്നതേയുള്ളു. ആഘോഷങ്ങളുടെ ചൈതന്യത്തിന് അനുഷ്ഠാനങ്ങൾ പ്രധാനമാണെന്നതുപോലെ ആഘോഷിക്കുന്നവരുടെ മനോഭാവത്തെയും കണക്കിലെടുക്കേണ്ടതുണ്ട്. ഓണക്കാലത്തെങ്കിലും മലയാളി തന്റെ സംസ്കാരപൈതൃകങ്ങളെക്കുറിച്ച് ഓർക്കാൻ തയാറാകുന്നു എന്നതു വിലമതിക്കുക തന്നെ വേണം. പാവങ്ങൾക്കു കിലോയ്ക്കു രണ്ടു രൂപയ്ക്ക് അരി ലഭിക്കുന്ന സംവിധാനം ഇവിടെയുണ്ടെങ്കിലും, അനുദിനം കുതിച്ചുയരുന്ന വിലക്കയറ്റത്തിൽ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ബദ്ധപ്പെടുന്ന പാവങ്ങളുടെയും സാധാരണക്കാരുടെയും വേദനകൾ വിസ്മരിക്കാൻ ആർക്കു കഴിയും? ഓണം പോലുള്ള ആഘോഷങ്ങൾ ഇതിനെല്ലാം പരിഹാരം കണ്ടെത്താൻ കഴിയണം. കോസ് കുവൈററ് ചാപ്ററിന്റെ ആഭിമുഖ്യത്തിൽ ഒരു മാസികയ്ക്ക് തുടക്കം കുറിക്കുവാൻ സാധിച്ചതിൽ ജഗദീശ്വരനെ നന്ദിയോടെ സ്മരിക്കുന്നു, ഒപ്പം 'മനസ്സി' ന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ജോസഫ് മാത്യു ഒട്ടലിൽ

പ്രസിഡന്റ്, കോസ്സ് കുവൈററ് ചാപ്ററർ

---



## ഓണസ്മരണകൾ

മലയാളിയുടെ മനസിൽ ഗൃഹാതുരസ്മരണകളുണർത്തി ഒരിക്കൽക്കൂടി പൊന്നോണം വിരുന്നിനെത്തിയിരിക്കുകയാണ്. നന്മയും സമൃദ്ധിയും നിറഞ്ഞുനിന്നിരുന്ന, സമത്വസുന്ദരമായ ഒരു ഗതകാലത്തിന്റെ ഓർമകൾ ഓണാഘോഷത്തിലൂടെ പുതുക്കുമ്പോൾ അത്തരമൊരു വ്യവസ്ഥിതി ഇനി എന്നെങ്കിലും ഉണ്ടാകുമോ എന്നൊരു ഉത്കണ്ഠയും കേരളീയർ പങ്കുവയ്ക്കുന്നുണ്ടാവാം. ജനങ്ങളിൽ നല്ലൊരു പങ്ക് വറുതിയിലും പട്ടിണിയിലും കഴിഞ്ഞിരുന്ന നാളുകളിൽ സൗഭാഗ്യം പോലെ വന്നെത്തുന്ന ചിങ്ങമാസത്തിലെ വിളവെടുപ്പുത്സവത്തിനുണ്ടായിരുന്ന ആസ്വാദ്യതയും ഹൃദ്യതയും ജീവിതനിലവാരത്തിൽ ഏറെ മുന്നേറിയ ഇന്നത്തെ കേരളത്തിൽ ഉണ്ടാകുന്നില്ല എന്നതു വസ്തുതയാണ്. ഓണാഘോഷം വല്ലാതെ വാണിജ്യവത്കരിക്കപ്പെട്ടു എന്നു വിലപിക്കുന്ന പാരമ്പര്യവാദികൾ പറയുന്നതിലും കഴമ്പുണ്ടെന്നു സമ്മതിക്കാൻ മലയാളിക്കു മടിയില്ല. എന്നാൽ, കള്ളവും ചതിവുമില്ലാതെ, മാനുഷരെല്ലാവരും ഒന്നുപോലെ കഴിഞ്ഞിരുന്ന നാളുകളെപ്പറ്റിയുള്ള ഓണസങ്കല്പം ഭീകരതയും വിദ്വേഷചിന്തയും സമൂഹത്തെ കലുഷിതമാക്കുന്ന ഇന്നത്തെ കേരളത്തിന് എത്രമാത്രമിണങ്ങുമെന്ന ചോദ്യം വരുമ്പോൾ എല്ലാവരും സ്വപ്നരഥങ്ങളിൽ നിന്നു യാഥാർഥ്യത്തിലേക്കു തനിയെ ഇറങ്ങിവരും. എല്ലാ മലയാളികളും ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്ന ഒരു നാളിലേക്കു തിരിച്ചുപോകാൻ നമുക്കാവുമോ? മലയാളി മനഃസാക്ഷിയെ മഥിക്കുന്ന ചോദ്യമാണിത്. എന്തും ആഘോഷമാക്കി മാറ്റുന്ന ശീലത്തിലേക്കു വളർന്ന മലയാളിയുടെ ആഘോഷദിനങ്ങളുടെ എണ്ണം വർധിച്ചപ്പോൾ ഓണം പോലുള്ള പരമ്പരാഗത ആഘോഷങ്ങളുടെ സന്ദേശം വിസ്മൃതമായിപ്പോകുന്നത് സ്വാഭാവികം മാത്രം. ഐശ്വര്യത്തിന്റെ നിറവിൽ ആമോദിക്കുമ്പോൾ നന്മയുടെ

പൂക്കളങ്ങളൊരുങ്ങേണ്ടത് മലയാളിയുടെ വീട്ടുമുറ്റങ്ങളിൽ മാത്രമല്ല, മനസ്സിൽക്കൂടിയാണ്. അതു രണ്ടും സാധിക്കാത്ത സ്ഥിതിയല്ലേ ഇന്ന്? തുമ്പയും ചെത്തിയും മുക്കുറ്റിയും പോലുള്ള നാട്ടുപൂക്കളെല്ലാം ഇന്നു തൊടികളിൽനിന്ന് അപ്രത്യക്ഷമായിരിക്കുന്നു. പൂക്കളമൊരുക്കാൻ പൂവു വിലകൊടുത്തു വാങ്ങണം. മലയാളി പ്രകൃതിയെ മറന്നു ജീവിക്കാൻ തുടങ്ങിയതിന്റെ ദുരന്തഫലം. സമൃദ്ധിയുടെ ലക്ഷണങ്ങൾ ഇന്നു മലയാളി ജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുണ്ട്. എന്നാൽ അതനുസരിച്ചു മനസ്സുകൾ വികസിക്കുന്നില്ല. എന്നുമാത്രമല്ല, സങ്കുചിത ചിന്തകളുടെ തടവുകാരായി മലയാളി മാറുകയും ചെയ്യുന്നു എന്നതാണ് വർത്തമാനകാല ദുരന്തം. അയൽക്കാരനെപ്പോലും വിശ്വാസത്തിലെടുക്കാൻ മടിക്കുന്ന മനോഭാവവും പറ്റാത്ത സാഹചര്യവുമാണു വളർന്നുവരുന്നത്. സ്വത്വചിന്തകളുടെ പരിമിതവട്ടങ്ങളിലേക്കു മലയാളി സമൂഹം വിഭജിക്കപ്പെട്ടു ചുരുങ്ങുമ്പോൾ മാവേലിനാടിനെപ്പറ്റി മേനിനടിക്കുന്നതിൽ അർത്ഥമുണ്ടോ എന്ന ചോദ്യവും പ്രസക്തമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും, സമത്വത്തിന്റെയും, സാഹോദര്യത്തിന്റെയും പവിത്രമായ കർമ്മങ്ങളെ ആവിഷ്കരിക്കുവാൻ കഴിയുന്നതാകണം നമ്മുടെ ഓണം. അതിനായി പുതു തലമുറയ്ക്ക് ആഹ്വാനം നൽകുന്നതാകണം ഈ ഓണം. ഇങ്ങനെ എല്ലാ ദിവസങ്ങളെയും നമുക്ക് ഓണമാക്കി മാറ്റാൻ നമുക്ക് കഴിയണം. എങ്കിൽ മാത്രമേ നമ്മുടെ ഓണാഘോഷങ്ങൾ അർത്ഥവത്തായി തീരുകയുള്ളു.

ഏവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ നേർന്നു കൊണ്ട്......

മാത്യു വർഗീസ്, കലതിവിളമേലേതിൽ
ജനറൽ സെക്രട്ടറി, കോസ്റ്റ് കുവൈററ് ചാപ്റ്റർ

---



## ആഗോള താപനവും പാരിസ്ഥിതിക പ്രശ്നങ്ങളും

ആധുനിക കാലഘട്ടത്തിൽ ആഗോള താപനം എന്നത് മാനവരാശിയെ ഭയനാകമായ ഒരന്തരീക്ഷത്തിലേക്കാണ് കൊണ്ടെത്തിക്കുന്നത്. ഇതിന് പ്രധാന കാരണം മനുഷ്യൻ പ്രകൃതിയെ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നതു മൂലമാണ്, ഇത്തരത്തിലുള്ള വിപത്തുകൾ ആവിർഭവിക്കുന്നതിന് പ്രധാന കാരണം. ആഗോള താപനം എന്ത്? അതിന്റെ ആവിർഭാവം, മുൻകരുതലുകൾ എന്നതിനെക്കുറിച്ച് ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

### ആഗോള താപനം എന്ത്?

ഭൗമോപരിതലത്തിന് അടുത്തുള്ള വായുവിന്റെയും സമുദ്രങ്ങളുടെയും ശരാശരി താപനിലയിൽ കഴിഞ്ഞ ഏതാനും ദശകങ്ങളായുള്ള വർദ്ധവിനെയും ഈ വർദ്ധനവിന്റെ തുടർച്ചയെക്കുറിച്ചുള്ള ശാസ്ത്രീയ പ്രവചനങ്ങളെയുമാണ് ആഗോളതാപനം. എന്നുപറയുന്നത്.

മാനുഷിക പ്രവർത്തങ്ങൾക്കൊണ്ടും മററു പ്രകൃത്യാലുള്ള കാരണങ്ങൾ കൊണ്ടും ഹരിതഗൃഹവാതകങ്ങളായ കാർബൺഡൈ ഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ് വർദ്ധിക്കുന്നു. സൂര്യനിൽ നിന്നും ഭൂമിയിലേക്കെത്തുന്ന ചൂടിന്റെ പ്രതിഫലനത്തെ ഈ വാതകങ്ങൾ തടയുകയും ഭൂമിയിലെ താപനില വർദ്ധിക്കുകയും ചെയ്യുന്നു. 20ാം നൂററാണ്ടിന്റെ മദ്ധ്യം മുതൽ ഉണ്ടായ് ആഗോള താപ് വർദ്ധനയുടെ പ്രധാന കാരണം. മിക്കവാറും മനുഷ്യ നിർമ്മിതമായ ഹരിതഗൃഹ വാതകങ്ങളുടെ അളവിലുണ്ടായ വർദ്ധനയാണ്. ഇത് ഹരിതഗൃഹപ്രഭാവം ചെലുത്തി അന്തരീക്ഷത്തിന്റെ പ്രതല പാളിയും താഴ്ന്ന പാളികളിലും ഉള്ള താപനില ഉയർത്തുന്നു. പ്രകൃതിയിലെ സ്വാഭാവിക മാററങ്ങളായ സൗര വ്യതിയാനം, അഗ്നി പർവ്വതങ്ങൾ തുടങ്ങിയവയ്ക്ക് വ്യാവസായിക കാലഘട്ടം തുടങ്ങുന്നതിന് മുൻപ് മുതൽ 1950 വരെ ആഗോളതാപനത്തിന് ഒരു ചെറിയ പങ്കുണ്ടെങ്കിലും 1950 മുതൽ ഇവയ്ക്ക് ഒരു ചെറിയ തണുപ്പിയ്ക്കൽ സ്വാധീനമാണ് അന്തരീക്ഷത്തിൽ ഉള്ളത്. ഈ പ്രാഥമിക നിഗമനങ്ങൾ പ്രധാന് വ്യവസായിക രാജ്യങ്ങളിലെ ദേശീയ ശാസ്ത്ര അക്കാദമികളിലെ 30 ശാസ്ത്രജ്ഞൻമാരും വിദഗ്ദ്ധരുമെങ്കിലും അംഗീകരിച്ചിരിക്കുന്നു. ഈ നിയമനങ്ങളെ നിരാകരിക്കുന്ന ഏക ശാസ്ത്രീയ സൊസൈററി അമേരിക്കൻ അസ്സോസിയേഷൻ ഓഫ് പെട്രോളിയം ജിയോളജിസ്റ്റ് ആണ്. ചുരുക്കം ചില ആഗോള താപനത്തിന്റെ ഈ പഠനങ്ങളിലെ ചില ഭാഗങ്ങളുമായി വിയോജിക്കുന്നു. മാനുഷിക പ്രവർത്തങ്ങൾ മൂലം 1750 മുതൽ അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗമാണ് കാർബൺ ഡയോക്സൈഡിന്റെ വർദ്ധനയ്ക്ക് കാരണമായതെങ്കിൽ കൃഷിയോടനുബന്ധിച്ചുള്ള മീഥേൻ, നൈട്രസ് ഓക്സൈഡ് എന്നിവയുടെ വർദ്ധനയ്ക്ക് പ്രധാന കാരണം. കൃഷിസ്ഥലങ്ങളിൽ നിന്നും കന്നുകാലികളിൽ നിന്നും മീഥേൻ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്.

ആഗോള താപനത്തിന്റെ ഫലമായി ഉയർന്ന ചൂടിന്റെ 80 ശതമാനവും ആഗിരണം ചെയ്യുന്നത് സമുദ്രങ്ങളാണ്. ഇതുമൂലം സമുദ്രജലം 3000 മീററർ ആഴത്തിൽ വരെ ചൂടു പിടിക്കുന്നു. ഇങ്ങനെ ചൂടുപിടിച്ച് വ്യാപ്തം വർദ്ധിക്കുന്ന ജലം സമുദ്രനിരപ്പിന് കാര്യമായ ഉയർച്ചക്ക് കരണമാകുന്നു. കൂടാതെ ധ്രുവങ്ങളിൽ മഞ്ഞും ഹിമാനിയും ഉരുകുന്നതിനും ഇതു കാരണമാകുന്നു. 1961 മുതൽ 2003 വരെയുള്ള കണക്കുകളനുസരിച്ച് ശരാശരി ഓരോ വർഷവും 1.8 മില്ലിമീററർ വീതം സമുദ്രനിരപ്പ് ഉയരുന്നുണ്ട്. 1993 മുതൽ 2003 വരെ ഇത് വളരെയധികമാണ് മഴ, കാററ്, സമുദ്രത്തിലെ ലവണാംശം എന്നിങ്ങനെ കാലാവസ്ഥയിൽ കാര്യമായ മാററങ്ങൾ ആഗോളതാപനം മൂലം വ്യാപകമായി കാണുന്നു. കൂടാതെ ഹീററ് വേവ്സ്, വെള്ളപ്പൊക്കം, ട്രോപ്പിക്കൽ ചക്രവാതങ്ങളുടെ വർദ്ധിച്ച തീവ്രത്, കനത്ത മഴ എന്നിങ്ങനെ അതിശക്തമായ കാലാവസ്ഥാ വ്യതിയാങ്ങളും കാണുന്നു. മനുഷ്യരടക്കമുള്ള മിക്ക ജീവജാലകങ്ങൾക്കും ഈ കാലാവസ്ഥ മാററങ്ങൾ പ്രതികൂലമായാണ് ഭവിക്കുന്നത്. കാലവസ്ഥയിലുള്ള അസ്ഥിരത് മിക്ക കാർഷികവിളകളേയും ദോഷകരമായി ബാധിക്കുന്നു. സമുദ്രനിരപ്പിലുള്ള ഉയർച്ച തീരദേശവാസികളുടെ വാസസ്ഥലം അപഹരിക്കുന്നു. ഉത്ഭവസ്ഥാനത്തെ ഹിമാനികൾ ഉരുകിത്തീരുന്നതിനാൽ ഗംഗയടക്കമുള്ള മഹാനദികളുടെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്നു. ആഗോളതാപനത്തിന് കാരണമാകുന്ന എല്ലാ പ്രവർത്തനങ്ങളും മനുഷ്യൻ നിർത്തിവച്ചാൽ കൂടിയും ഓരോ ദശാബ്ദത്തിലും 0.1 ഡിഗ്രി സെൽഷ്യസ് ഉയർച്ച അടുത്ത രണ്ടു ദശാബ്ദങ്ങളിൽ താപനിലയിൽ ഉണ്ടാകുമെന്ന് പഠങ്ങൾ സൂചിപ്പിക്കുന്നു. ആഗോളതാപനത്തെതുടർന്നുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനം ദരിദ്രരെയായിരിക്കും ഏററവും കൂടുതൽ ബാധിക്കുകയെന്ന് അന്താരാഷ്ട്ര പാരിസ്ഥിതിക വിദഗ്ദ്ധരടങ്ങുന്ന Intergovernmental Panel on Climate Change പുതിയ റിപ്പോർട്ടിൽ പറയുന്നു.

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

## MEMBER'S LIST

| Member Name | House Name | Postal Address | Contact number | Contact no Kerala |
|---|---|---|---|---|
| Abi Pappachan | Pynummootil | Kudasanad | 97469756 | 0479-2359673 |
| Abraham mathew | Harimangalthu | Kurampala South P.O | 97061864 | |
| Anil Thomas | Kuzhivilayil | Kudasanad | 66254168 | |
| Anish | | Poozhikad, Kudasanad P.O. | | |
| Anoop Chandran | Cherukulathoor | Kudasanad | 66494114 | 0479-2359699 |
| BabuKutty K. Mathew | pokkattuvadakethil | Poozhikad, Kudasanad P.O. | 60626166 | 04734-259473 |
| Baiju John | Nampuzhil Kizhakethil | Kudasanad | | |
| Bijil | Pamanett | Kudasanad | 99465724 | |
| Biju Thomas | Puthukkattu | Poozhikad | 94069690 | |
| Bindu (Jolly) | Thalakkathadethil | Kudasanad | 66703266 | 04734-251760 |
| Binoy Thankachan | Binoy Bhavan | Poozhikad, Kudasanad P.O. | 97359966 | 04734-252615 |
| Chacko George Kutty | Kottoor | Kudasanad | 66654146 | 0479-2355015 |
| Chandrasekara Kurup | Cherukulathoor | Kudasanad | 97377612 | 0479-2359699 |
| Deep John | Kollamparampil | Kudasanad | 60069715 | 04734-254479 |
| Ginu Mency | Jijo Cottage (panacical) | Kudasanad | 66641972 | 04734-251949 |
| Jacob Samuel (Sabi) | Kuttiyilayathu | Kudasanad | 66372602 | |
| Jerry George | | Poozhikadu | 99634255 | |
| Jerry Rajan | Pananthundil | Kudasanad | 99534255 | |
| Jibu Jacob Varghese | Kottoor Rose mount | Kudasanad | 66536359 | 0479-2356118 |
| Jiji George | Jijo Cottage (panacical) | Kudasanad | 66641972 | 04734-251949 |
| Jinu.T.John | Thacharamkottu Thekkekara | Kurampala P.O | 66640737 | 04734-254106 |
| Jithin Thomas | Harimangalthu | Kurampala | | |
| John mathew | Vadakkevettil | Kudasanad | 65639106 | 04734-252696 |
| John Daniel | Kollamparampil | Poozhikad, Kudasanad P.O. | 97129637 | 04734-254479 |
| Johnson | Pullampallil Padychithil | Kudasanad | 97271143 | 0479-2356916 |
| Jomon Daniel | Elakkottu | Thandanuvila | 66610041 | 04734-252626 |
| Jomon T. John | Thacharamkottu Thekkekara | Kurampala P.O | 66640737 | 04734-254106 |
| Jose K.S | Kottoor Melathil | Kudasanad | 66563040 | |
| Joseph Mathew | Ottalil | Kudasanad P.O | 66269166 | 0479-2356711 |
| Komalan G. | Anizham | Kudasanad P.O | 97162736 | 0479-2356696 |
| Lucie James | Harimangalthu vadakekara | Kurapala | | |
| Mathew Varghese (Saji) | Kalathivila melathil | Poozhikad, Kudasanad P.O. | 97966177 | 04734-251696 |
| Mony (Husband of Mercy) | Kollamparampil Thazhathil | Kudasanad | 97673730 | |
| Raju Thomas | J.J.Villa | Kurampala South P.O | 66376571 | 04734-250726 |
| Raju Thomas (Anheenkunju) | Palliyathukal | Poozhikad, Kudasanad P.O. | 97947973 | |
| Rijo. V. George | Valiakamattom | Kudasanad | 97216096 | 0479-2359644 |
| Saju Bhaskaran | Kalathivilayil | Poozhikad, Kudasanad P.O. | 97166042 | |
| Sam Mathew | Thanayil Kizhakethil | Kudasanad | 97744661 | |
| Samuel Mathew (Joy Kutty) | Thattakkattu Puthen Veedu | Kudasanad | | |
| Samuel Varghese (Shaji) | Kalathivila melathil | Poozhikad, Kudasanad P.O. | 66461610 | 04734-251696 |
| Santhosh S. | Kalathivilayil | Poozhikad, Kudasanad P.O. | 66512435 | |
| Satheesan.B | Kalathivilayil | Poozhikad, Kudasanad P.O. | 97622667 | 04734-254464 |
| Shaji Baby | Padinjaree mukathu | Kudasanad P.O | 66169601 | 0479-2356627 |
| Sinu Mathew | Meenthethil Madhava Bhavan | Poozhikad, Kudasanad P.O. | | 04734-252610 |
| Soji Varghese | P.K.V Villa | Kudasanad | 66751797 | 04734-252182 |
| Subin Raj | Madil | Kurampala | 66951136 | |
| Suju Mathew | Thanayil Kizhakethil | Kudasanad | 66793067 | |
| SunojVarghese | Kochuthakethil | Kudasanad P.O | 66126263 | |